പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. T 1282

04/02/2019-ൽ

മറുപടി നൽകേണ്ടിയിരുന്നത്

## പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായ പദ്ധതികൾ

| ചോദ്യം<br>**ശ്രീ.ടി. വി. ഇബ്രാഹിം** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 5 കോടി / 3 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച എത്ര സ്കൂളുകളിൽ പ്രവൃത്തി ആരംഭിച്ചുവെന്ന് അറിയിക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി രൂപ അനുവദിച്ച 141 സ്കൂളുകളിൽ 127 സ്കൂളുകളിലും പണികൾ ആരംഭിച്ചിട്ടുണ്ട്. 3 കോടി രൂപ അനുവദിച്ച 215 സ്കൂളുകളിൽ 70 സ്കൂളുകളിൽ ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും അതിൽ 58 സ്കൂളുകളിൽ പണികൾ ആരംഭിക്കുകയും ചെയ്തു. |
| (ബി) ഒന്നാം ഘട്ടത്തിൽ മലപ്പുറം ജില്ലയിൽ 3 കോടി രൂപ വീതം അനുവദിച്ച 26 സ്കൂളുകളുടെ പ്രവൃത്തി ഇതുവരെയും ടെൻഡർ ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഈ പദ്ധതി ടെൻഡർ ചെയ്യാതെ നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) 2018 അവസാനം 'കിഫ്ബി'യുടെ അംഗീകാരം ലഭ്യമായ 115 സ്കൂളുകളുടെ കൂട്ടത്തിലാണ് പ്രസ്തുത സ്കൂളുകൾക്ക് തുക 'കിഫ്ബി' അനുവദിച്ചത്. അതിൽ പല സ്കൂളുകളിലും മാറ്റങ്ങൾ ആവശ്യപ്പെടുകയും ആയവ ചെയ്യേണ്ടിവരുകയും ചെയ്യുന്നു. കൂടാതെ 'കിഫ്ബി' നൽകുന്ന തുകയ്ക്ക് ഉപരിയായ തുക കണ്ടെത്താൻ സാധിക്കാത്തതിനാൽ പല സ്കൂളുകളുടെയും എസ്റ്റിമേറ്റ് വെട്ടിച്ചുരുക്കി പുതിയ ഡി.പി.ആർ തയ്യാറാക്കേണ്ടി വരികയും ചെയ്തതിനാലാണ് കാലതാമസം വന്നത്. |
| (ഡി) മലപ്പുറം ജില്ലയിലെ പ്രസ്തുത 26 സ്കൂളുകളിലെ 3 കോടി രൂപയുടെ പദ്ധതി ടെൻഡർ നടപടി പൂർത്തീകരിച്ച് എന്ന് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഡി) 2019 മാർച്ചിൽ പണികൾ ആരംഭിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |

Nanitha

**സെക്ഷൻ ഓഫീസർ**